പതിനാലാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 136

23.01.2018 ൽ
മറുപടിക്ക്

**കാസർഗോഡ് ജില്ലയിൽ പുതിയ പോലീസ് സ്റ്റേഷനുകൾ**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ | | പിണറായി വിജയൻ (മുഖ്യമന്ത്രി) |

എ) കാസർഗോഡ് ജില്ലയിൽ ഈ സർക്കാർ പുതിയ പോലീസ് സ്റ്റേഷനുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

ബി) പുതിയ പോലീസ് സ്റ്റേഷനുകൾ എവിടെയാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നതെന്നും ആയത് തുടങ്ങുന്നതിനുള്ള നടപടികൾ ഏതു വരെയായെന്നും വിശദമാക്കാമോ;

സി) ഇതിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാനാവും എന്നും വെളിപ്പെടുത്താമോ?

എ) യും ബി) യും സി) യും

കാസർഗോഡ് ജില്ലയിൽ മേൽപ്പറമ്പ് എന്ന സ്ഥലത്ത് പുതുതായി ഒരു പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് 26.10.2017 തീയതിയിലെ സ.ഉ.(കൈ) നം.216/2017/ആഭ്യന്തരം ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതു സംബന്ധിച്ചുള്ള പ്രാരംഭ നടപടികൾ സംസ്ഥാന പോലീസ് മേധാവി തലത്തിൽ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ